NEWS

## നഗരസഭയുടെ പെൻഷൻ അദാലത്ത്

തിരുവനന്തപുരം: നഗരസഭയുടെ സാമൂഹിക സുരക്ഷാ പെൻഷൻ അദാലത്ത് നാളെ നടക്കും. കുടിശികയുള്ള പെൻഷൻ അപേക്ഷകളാണ് അന്ന് തീർപ്പാക്കുക. 20 വരെ അപേക്ഷിച്ചവർക്ക് പങ്കെടുക്കാം.

എൺപതോളം അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. നഗരസഭയിൽ നിന്ന് ഒരിക്കലെങ്കിലും പെൻഷൻ തുക കൈപ്പറ്റിയവരും വിവിധ കാരണങ്ങളാൽ ഇപ്പോൾ പെൻഷൻ ലഭിക്കാത്തവരുമാണ് അപേക്ഷിച്ചിട്ടുള്ളത്.

രാവിലെ 10 ന് നഗരസഭാ ലോഞ്ചിൽ അദാലത്ത് ആരംഭിക്കുമെന്ന് മേയർ വി. കെ. പ്രശാന്ത് അറിയിച്ചു.



ചിറയിൻകീഴ് പൊലീസ് സ്റ്റേഷനിൽ മൈ ഫ്ലാഷിന്റെ ഉദ്ഘാടനം സ്പോൺസറായ ഗോപികാ മാർക്കറ്റിംഗ് എം.ഡി കെ. ഉണ്ണിക്കൃഷ്ണൻ എസ്.ഐ എച്ച്.എൽ. സജീഷിന് പത്രം നൽകി നിർവഹിക്കുന്നു. ഫ്ളാഷ് സർക്കുലേഷൻ മാനേജർ എസ്.വി പ്രവീൺ, ഫ്ളാഷ് ചിറയിൻകീഴ് ലേഖകൻ ജിജു പെരുങ്ങുഴി, സീനിയർ സിവിൽ പൊലീസ് ഓഫീസർ ബൈജു എന്നിവർ സമീപം.

## ബി.ആർ. അംബേദ്കറുടെ പ്രതിമ സ്ഥാപിക്കും

തിരുവനന്തപുരം : ജയ്ഭീം അംബേദ്കർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ബി. ആർ .അംബേദ്ക്കറുടെ പൂർണകായ പ്രതിമ തിരുവനന്തപുരം ചെറിയമുട്ടത്ത് സ്ഥാപിക്കുമെന്ന് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ബാബു സൈമൺ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ശിലാസ്ഥാപനം 24 ന് പുത്തരിക്കണ്ടം മൈതാനത്ത് കേന്ദ്ര മന്ത്രി രാംദാസ് അത്‌വാലെ നിർവഹിക്കും. ഡെപ്യൂട്ടി സ്പീക്കർ വി.ശശി, എം.എൽ.എ. മാരായ ഒ രാജഗോപാൽ, വി. എസ്. ശിവകുമാർ ബി.ജെ.പി .സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ തുടങ്ങിയവർ പങ്കെടുക്കും.

കമ്മിറ്റി ചെയർമാൻ സി.ജയൻ, ജനറൽ സെക്രട്ടറി തോമസ് ജോസഫ് , ഫിനാൻസ് കമ്മിറ്റി ചെയർമാൻ ഗോപിനാഥ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# തമ്പാനൂർ ഡിപ്പോ: ജീവനക്കാർക്കും അന്യം വാടക വേണം



തിരുവനന്തപുരം: തുച്ഛമായ തുകയ്ക്ക് വാടകയ്ക്ക് നൽകാമെന്ന് പറഞ്ഞിട്ടും കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ അഡ്മിനിസ്ട്രേഷൻ വിംഗിന്റെ മുറികൾ ഏറ്റെടുക്കാനാളില്ല.

അഡ്മിനിസ്ട്രേഷൻ വിംഗിന്റെ നാലു നില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലെ മുറികളാണ് നൂറും 250 ഉം രൂപയ്ക്ക് വാടകയ്ക്ക് നൽകാനായി റെഡിയാക്കി പൂട്ടിയിട്ടിരിക്കുന്നത്. 2014ൽ തന്നെ മുറികൾ വാടകയ്ക്ക് അനുവദിച്ചുകൊണ്ട് അന്നത്തെ എം.ഡിയുടെ സർക്കുലർ പുറത്തിറങ്ങിയിരുന്നു. മുകളിലത്തെ നിലയിൽ തന്നെയാണ് ചെയർമാൻ\ എം.ഡിക്കുള്ള മുറിയും ഒരുക്കിയിരിക്കുന്നത്. അതും ലക്ഷങ്ങൾ മുടക്കി നവീകരിച്ചിരുന്നു. നാലു നിലകളുള്ള കെട്ടിടം 2013ൽ പൂർത്തിയായെങ്കിലും 2014ലാണ് ഉദ്ഘാടനം കഴിഞ്ഞത്.

താഴത്തെ നില കെ. എസ്. ആർ.ടി.സി കാന്റീനായി പ്രവർത്തിക്കാൻ ഇന്ത്യൻ കോഫി ഹൗസിന് നൽകി. ബാക്കി മൂന്നു നിലകളും കഴിഞ്ഞ മൂന്നിലേറെ വർഷമായി പൂട്ടിയിട്ടിരിക്കുകയാണ്. രണ്ട് നിലകളിലായി അഡ്മിനിസ്ട്രേഷൻ വിഭാഗത്തെയും സ്റ്റാഫ് റൂമായും മാറ്റുമെന്നാണ് അന്ന് പറഞ്ഞതെങ്കിലും ഒന്നും നടന്നില്ല.

വാട്ടർ കണക്ഷൻ ലഭിച്ചില്ലെന്നതാണ് അഡ്മിനിസ്ട്രേഷൻ വിഭാഗത്തെ മാറ്റുന്നതിനുള്ള കാരണമായി ചൂണ്ടിക്കാട്ടുന്നത്. എന്നാൽ, കുഴൽക്കിണർ സംവിധാനം വരെയുള്ള തമ്പാനൂർ ഡിപ്പോയിൽ ഒരു കണക്ഷൻ കെട്ടിടത്തിലേക്ക് നീട്ടുകയെന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. എന്നിട്ടും അതിനായി ആരും താത്പര്യം കാട്ടുന്നില്ലെന്നാണ് ആക്ഷേപം.

തമ്പാനൂർ ഡിപ്പോയിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ഇപ്പോഴും ഡിപ്പോ വർക്ക് ഷോപ്പിനു സമീപത്തെ ആമയിഴഞ്ചാൻ തോട് കടന്നു പോകുന്ന ഓടയ്ക്കരികിലുള്ള പൊളിഞ്ഞ കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. ഓടയിൽ നിറഞ്ഞുനിൽക്കുന്ന മാലിന്യങ്ങളുടെ നാറ്റം കാരണം ഉച്ച സമയം വാതിലും ജനലും പൂട്ടിയാണ് ജീവനക്കാർ ഭക്ഷണം കഴിക്കുന്നത്.

### കണ്ടക്ടറും ഡ്രൈവറും ബസിലിരുന്നാൽ മതി

തമ്പാനൂരിലെ പുതിയ ടെർമിനലിൽ കണ്ടക്ടർക്കും ഡ്രൈവർക്കും ഇരിക്കാൻ പോലും സ്ഥലം അനുവദിച്ചിട്ടില്ല. എന്നാൽ, തൊട്ടപ്പുറത്ത് മൂന്നു നിലകൾ വെറുതേ പൂട്ടിയിട്ടിരിക്കുന്നു.

തമ്പാനൂരിൽ നിന്ന് പ്രതിദിനം 80 മുതൽ 90 വരെ സർവീസുകളാണ് നടത്തുന്നത്. 320 ഡ്രൈവർമാരും അതിനടുത്ത് കണ്ടക്ടർമാരും ജോലി ചെയ്യുന്നുണ്ട്. തമിഴ്നാട്ടിലെയും കർണാടകത്തിലേയും ഉൾപ്പെടെ 300 ഓളം സർവീസുകൾ ഈ ഡിപ്പോയിൽ വന്നു പോകുന്നു.

ഇവർക്കെല്ലാം കൂടി ആകെയുള്ളത് രണ്ട് ശൗചാലയങ്ങളാണ്. അതും പൊതുജനങ്ങൾ ഉപയോഗിക്കുന്നത്. ഒരു ശൗചാലയമോ വസ്ത്രം മാറാനുള്ള മുറിയോ വിശ്രമമുറിയോ ഒന്നും നൽകാതെ കെട്ടിടങ്ങൾ കെട്ടി പൂട്ടിയിടുകയാണ് കെ.എസ്.ആർ.ടി.സിയെന്ന് ജീവനക്കാരിൽ ഒരു വിഭാഗം പരാതി പറയുന്നു.

# സർക്കാരിന്റെ ഒന്നാം വാർഷിക സമ്മാനം



കരിമഠം കോളനിയിൽ മുമ്പ് നിർമ്മിച്ച ഫ്ളാറ്റ് സമുച്ചയം. നിർമ്മാണത്തിലിരിക്കെ എടുത്ത ഫോട്ടോ.

## കരിമഠത്ത് പുതിയ ഫ്ലാറ്റ് സമുച്ചയം

തിരുവനന്തപുരം: കരിമഠം കോളനി നിവാസികൾക്കായി ഫ്ളാറ്റ് സമുച്ചയമൊരുക്കാൻ നഗരസഭ. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി പാർപ്പിട നിർമ്മാണ പ്രോജക്ടായ 'ലൈഫ്' പദ്ധതി പ്രകാരമാണ് കരിമഠത്ത് പുതിയ ഫ്ളാറ്റ് സമുച്ചയം ഒരുക്കുന്നത്. ഒരേ സമയം 320 കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണുണ്ടാവുക. ഇതിന്റെ തറക്കല്ലിടൽ ജൂൺ ഒന്നിന് നടക്കും.

20 വീടുകൾ വീതമുള്ള 16 യൂണിറ്റുകൾ ആണ് ഇവിടെ ഒരുങ്ങുക. നാല് നിലയുള്ള ഫ്ളാറ്റിൽ താഴെ എട്ടും തൊട്ടുമുകളിൽ ആറും അതിനു മുകളിൽ നാലും ഏറ്റവും മുകളിൽ രണ്ടും വീടുകളാണുണ്ടാവുക. അകവും പുറവും പൂശാത്ത ലാറി ബേക്കർ മാതൃകയിലുള്ള വീടുകൾ രണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് നഗരസഭയുടെ എൻജിനിയറിംഗ് വിഭാഗത്തിന്റെ ശ്രമം. 24 കോടി രൂപയാണ് ചെലവ്. ഈ ഫ്ളാറ്റ് സമുച്ചയം കൂടി പൂർത്തിയാകുന്നതോടെ കരിമഠം കോളനിയിലെ മുഴുവൻ ആളുകൾക്കും മികച്ച സൗകര്യമുള്ള വീട് ലഭിക്കും.

ഓരോ വീട്ടിലും രണ്ട് മുറിയും അടുക്കളയും ഹാളും ശൗചാലയവുമാണ് ഉണ്ടാവുക. തറ സിമന്റ് പൂശി നൽകുന്ന പതിവു മാറ്റി ടൈലാക്കാനും ആലോചനയുണ്ട്. 2.6 ഏക്കറിലാണ് 320 ഫ്ളാറ്റ് ഒരുങ്ങുന്നത്. ഇതോടനുബന്ധിച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും പണികൾ പൂർത്തിയാക്കേണ്ടതുണ്ട്. പൂന്തോട്ടവും ചെറുറോഡുകളും ഫ്ളാറ്റ് സമുച്ചയത്തിന്റെ ഭംഗി വർദ്ധിപ്പിക്കും.

ബി.എസ്.യു.പി (ബേസിക് സർവീസ് ഫോർ ദ അർബൻ പുവർ) പദ്ധതി പ്രകാരമാണ് ഫ്ളാറ്റുകൾ നിർമ്മിക്കാൻ ആദ്യം തീരുമാനിച്ചത്. പിന്നീടത് സർക്കാരിന്റെ ലൈഫ് പദ്ധതിയിലേക്ക് മാറ്റുകയായിരുന്നു.